# നിറങ്ങളുടെ നൃത്തം

കാനനോത്സവത്തെപ്പറ്റിയാണല്ലോ നാം ഇതുവരെ പറഞ്ഞത്. നിങ്ങളുടെ നാട്ടിലും പലതരം കലാരൂപങ്ങൾ ഉണ്ടല്ലോ. ഏതെല്ലാമാണവ?

- നിങ്ങൾ അവ കണ്ടിട്ടുണ്ടോ? ടീച്ചർക്കും മുതിർന്നവർക്കുമൊപ്പം അവ കാണാൻ ശ്രമിക്കൂ. കണ്ട കലാരൂപങ്ങളുടെ ചിത്രം വരയ്ക്കൂ.
- കലാരംഗത്തുള്ളവരുമായി സംസാരിക്കൂ.

ഓരോ നാട്ടിലും കലാരൂപങ്ങളുണ്ട്. ഇവയുടെ മുഖത്തെഴുത്തും ചമയങ്ങളും ഒരുപോലെയല്ല. വാദ്യോപകരണങ്ങളിലും മാറ്റമുണ്ട്. പാട്ടുകളിലും അവതരണരീതിയിലും മാറ്റം കാണാം.

രണ്ടു കലാരൂപങ്ങളുടെയും ചിത്രം നോക്കൂ.



കഥകളി -കത്തിവേഷം



പടയണി

- എന്തെല്ലാം വ്യത്യാസങ്ങളാണ് കണ്ടെത്താൻ കഴിഞ്ഞത്?
- കാഴ്ചയിൽ രണ്ടു കലാരൂപങ്ങളും തമ്മിൽ എന്തെല്ലാം സാമ്യങ്ങളാണുള്ളത്?
- സാമ്യവും വ്യത്യാസവും പട്ടികപ്പെടുത്തി എഴുതിനോക്കൂ.

യൂണിറ്റ് : 1

മൊഡ്യൂൾ : നിറങ്ങളുടെ നൃത്തം.

## പഠനലക്ഷ്യങ്ങൾ

- പ്രാദേശികമായ നാടോടികലാരൂപങ്ങളിലെ വർണ്ണവൈവിധ്യവും രൂപവൈവിധ്യവും രസിച്ചുകാണുക.
- നാടോടികലകളിലെ വർണ്ണവൈവിധ്യവും രൂപവൈവിധ്യവും തിരിച്ചറിഞ്ഞ് സന്തോഷപൂർവ്വം ചിത്രീകരിക്കുക.
- വിവിധ കലാരൂപങ്ങൾക്ക് അവതരണത്തിനു സഹായകമായ സാഹിത്യരൂപം ഉണ്ടെന്ന് തിരിച്ചറിയുക. അവ രസിച്ചും കേട്ടും വായിച്ചും ആസ്വദിക്കുക.
- കവിത വായിച്ചു കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.
- ആസ്വദിച്ച കാര്യങ്ങൾ രസകരമായ കവിതാവരികളായി അവതരിപ്പിക്കുക.

## ആശയം / ധാരണ

- ഓരോ നാടിനും അതിന്റേതായ നാടോടികലാരൂപങ്ങളുണ്ട്. അവ തമ്മിൽ സാമ്യവ്യത്യാസങ്ങളുണ്ട്.
- അക്ഷരങ്ങളും പദങ്ങളും ഉചിതമായി ആവർത്തിക്കുമ്പോൾ കവിതയുടെ ഭംഗി വർദ്ധിക്കും.

## പഠനസാമഗ്രി

കലാരൂപങ്ങൾ (ICT), ചാർട്ട്, കലാരൂപങ്ങളുടെ ചാർട്ട്

## പ്രതീക്ഷിത സമയം

7 പിരിയഡ്

| പഠനപ്രക്രിയ | വിലയിരുത്തൽ |
|---|---|
| ഞാൻ കണ്ടത്<br>- കുട്ടികളോട് അവർ കണ്ടതോ / അറിയാവുന്നതോ ആയ കലാരൂപങ്ങളുടെ പേരെഴുതാൻ പറയുന്നു.<br>- കുട്ടികൾ വ്യക്തിഗതമായി നോട്ടുബുക്കിൽ കുറിക്കുന്നു. | |

? ഏതെല്ലാം കലാരൂപങ്ങളുടെ പേരുകൾ നിങ്ങൾക്കറിയാം?

? ഏതെല്ലാം കലാരൂപങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ട്?

- എഴുതിയത് കുട്ടികൾ അവതരിപ്പിക്കുന്നു.
- ടീച്ചർ BB-യിൽ ക്രോഡീകരിക്കുന്നു. [ടീച്ചർ കുട്ടി ചേർന്നെഴുതുന്നു]
- ഐ.സി.ടി മുഖേന ഏതാനും കലാരൂപങ്ങൾ പ്രദർശിപ്പിക്കുന്നു. അറിയാവുന്ന കുട്ടികൾക്ക് കലാരൂപത്തെ കുറിച്ച് പറയാൻ അവസരം നൽകുന്നു.

? സ്റ്റേജിലായിരുന്നോ മത്സരം?

? വേഷം കെട്ടിവന്നവരായിരുന്നോ കളിച്ചത്?

? എങ്കിൽ വേഷത്തിന്റെ പ്രത്യേകതകൾ എന്തൊക്കെ?
നിറം, വസ്ത്രം, കിരീടം, മേക്കപ്പ്, മുതലായവ.

? പാട്ടും കൊട്ടുമൊക്കെ ഉണ്ടായിരുന്നോ?

? കൊട്ടാനുപയോഗിച്ച വാദ്യോപകരണങ്ങൾ എന്തൊക്കെ?

4. ചിത്രവായന.

- TB page 29-ലെ കഥകളി, പടയണി എന്നിവയുടെ ചിത്രം കുട്ടികൾ നിരീക്ഷിക്കുന്നു.
- ടീച്ചർ ഏതാനും ചോദ്യങ്ങൾ ഉന്നയിക്കുന്നു.

? എന്തിന്റെ ചിത്രങ്ങളാണിത്?

? കഥകളി വേഷത്തിന്റെ തലയിൽ കാണുന്നതെന്താണ്?
[കിരീടം]

? മുഖത്ത് എന്തൊക്കെ നിറങ്ങൾ കാണാനുണ്ട്?

? എന്തെല്ലാം മുഖത്തെഴുത്തുകൾ [മുഖത്ത് വരച്ചുവച്ചത്] കാണാനുണ്ട്?

? എവിടെയാണ് ആഭരണങ്ങൾ അണിഞ്ഞിട്ടുള്ളത്?

? വസ്ത്രത്തിൽ എന്തെല്ലാം നിറങ്ങളുണ്ട്?

- കുട്ടികളുടെ പ്രതികരണം.

- ഇതുപോലെ ചോദ്യസൂചനയിലൂടെ പടയണി ചിത്രത്തിന്റെ വായനയും നിർവഹിക്കുന്നു.

☆ ചിത്രങ്ങൾ - താരതമ്യം.

- രണ്ടു കലാരൂപങ്ങളും തമ്മിൽ കിരീടത്തിലും വസ്ത്രത്തിലും എന്തൊക്കെ വ്യത്യാസങ്ങളാണുള്ളത്?
- കുട്ടികൾ ചിത്രങ്ങൾ നിരീക്ഷിക്കുന്നു.
- കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.
- കണ്ടെത്താൻ കഴിയാത്തവരെ സഹായിക്കുന്നു.

? രണ്ടിന്റെയും കിരീടങ്ങളുടെ വലുപ്പം ഒരുപോലെയാണോ? എന്താണ് മാറ്റം.?

? കിരീടത്തിൽ കാണുന്ന വസ്തുക്കൾക്ക് എന്തെല്ലാം മാറ്റങ്ങളുണ്ട്.?

☆? രണ്ടിന്റെയും വസ്ത്രം ഒരുപോലെയാണോ.?

- കണ്ടെത്തിയ കാര്യങ്ങളുടെ അവതരണം.
- ടീച്ചർ BB-യിൽ ക്രോഡീകരിക്കുന്നു

പടയണി

☆ - വലിയ കിരീടം
- കുരുത്തോലയും പാളയും മറ്റും ഉപയോഗിച്ച കിരീടം.
- കുരുത്തോലയും മറ്റുമാണ് അണിഞ്ഞിട്ടുള്ളത്.

- കഥകളി [കത്തിവേഷം]

- അത്ര വലിയ കിരീടമല്ല
- മരം കൊണ്ടോ മറ്റോ നിർമിച്ചെടുത്ത കിരീടം.
- പല നിറത്തിലുള്ള തുണികളും ആഭരണങ്ങളും അണിഞ്ഞിട്ടുണ്ട്.

☆ ക്രോഡീകരണം നോട്ടുബുക്കിലേക്ക്.

- തുടർന്ന് കലാരൂപങ്ങൾ തമ്മിലുള്ള സാമ്യങ്ങൾ ചിത്രം നിരീക്ഷിച്ച് കണ്ടെത്താൻ പറയുന്നു.
- പ്രയാസം നേരിടുന്നവർക്ക് ചില സൂചനകൾ നൽകുന്നു.

? രണ്ടിലും കിരീടമുണ്ടോ..?

? രണ്ടിലും ഒരേപോലെയുള്ള മറ്റെന്തെല്ലാമുണ്ട്?

- കണ്ടെത്തിയ സാമ്യങ്ങളുടെ അവതരണം.
- ടീച്ചർ ബോർഡിൽ ക്രോഡീകരിക്കുന്നു.
- കുട്ടികൾ NB-യിൽ കുറിച്ചെടുക്കുന്നു.

☆ പടയുടെ കെടുതി.

- Page 30-ലെ തുള്ളൽ കവിതയിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.
- എല്ലാ കുട്ടികളോടും തുള്ളൽ കവിത ചൊല്ലാൻ പറയുന്നു.
- ഭാഗികമായി ചൊല്ലിയ കുട്ടികളെ പരിഗണിച്ച് ടീച്ചർ കവിത പൊതുവായി ചൊല്ലുന്നു.
- തുടർന്ന് ടീച്ചറും കുട്ടികളും താളം പിടിച്ച് കവിത ചൊല്ലുന്നു.
- ടീച്ചർ താളമിട്ട് കവിത ചൊല്ലുന്നു. കുട്ടികൾ താളമിട്ട് ഏറ്റുചൊല്ലുന്നു.
- പ്രയാസം നേരിടുന്നവരെ പിന്തുണയ്ക്കുന്നതിന് താളത്തിന്റെ അടിവരുന്ന അക്ഷരങ്ങൾക്ക് അടിവരയിട്ട് എഴുതിയ കവിതാ ചാർട്ട് ഉപയോഗിക്കുന്നു.

ഇട്ടി / പെണ്ണിനു / കിടിലു / പോയി
നെട്ടി / പെണ്ണിനു / നട്ടികൾ / പോയി
കണ്ട / ച്ചാരുടെ / മുണ്ടും / പോയി
ചെണ്ട / ക്കാരുടെ / ചെണ്ടകൾ / പോയി

✧ കവിതാ വിശകലനം.

- TB page 31-ലെ ആദ്യത്തെ രണ്ടു ചോദ്യങ്ങൾ ഓരോന്നോരോന്നായി ടീച്ചർ ഉന്നയിക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര പ്രതികരണം.
- ഒന്നാം ചോദ്യത്തിനോട് പ്രതികരിക്കാൻ പ്രയാസം നേരിടുന്നവർക്ക് ചില സൂചനകൾ നൽകുന്നു.

✧ കവിതയിൽ പറയുന്ന പേരുകൾ

✧ സന്ദർഭങ്ങൾ / നഷ്ടപ്പെട്ട വസ്തുക്കൾ

- രണ്ടാം ചോദ്യത്തോടും സ്വതന്ത്രമായി പ്രതികരിക്കുന്നു. പ്രയാസം നേരിടുന്നവർക്ക്

1. ഇട്ടിപ്പെണ്ണിന് പോയി കണ്ണട.
   പോയി തോർത്തും ചക്കിപ്പെണ്ണിന്
2. ഇട്ടിപ്പെണ്ണിനു കട്ടിലുപോയി
   നെട്ടിപ്പെണ്ണിനു പെട്ടികൾ പോയി.

✧ ഈരടികൾ വ്യത്യസ്ത നിറത്തിൽ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. താളമിട്ട് പാടുന്നു.

- രണ്ട് ഈരടികളും താരതമ്യം ചെയ്യാൻ അവസരം നൽകുന്നു.

? വരുത്തിയ മാറ്റങ്ങളെന്തൊക്കെ.?

? മാറ്റം വന്നതുകൊണ്ട് കവിതയുടെ ഭംഗി കൂടിയോ കുറഞ്ഞോ?

? ഏത് ഈരടിയാണ് നിങ്ങൾക്കിഷ്ടപ്പെട്ടത്.?

? എന്താണ് ഇഷ്ടപ്പെടാൻ കാരണം.?

ഇതിൽ ഈ കവിതയിൽ എവിടെയെല്ലാം അക്ഷരങ്ങൾ ആവർത്തിച്ച് ചന്തം വരുത്തിയിട്ടുണ്ട്.?

- ക്രോഡീകരണം ബോർഡിൽ.

വാക്കുകളും അക്ഷരങ്ങളും വേണ്ടതുപോലെ ആവർത്തിക്കുമ്പോൾ കവിതയുടെ ചന്തം കൂടുന്നുണ്ട്. തുള്ളൽ കവിതകൾക്ക് ഈ പ്രത്യേകതയുണ്ട്.

* പടയിലെ നഷ്ടങ്ങൾ.

- TB Page 31-ലെ മൂന്നാമത്തെ ചോദ്യം ടീച്ചർ ഉന്നയിക്കുന്നു.
- കവിത വായിച്ച് കുട്ടികളോട് കണ്ടെത്താൻ പറയുന്നു.
- എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
- വിട്ടുപോയത് ടീച്ചർ കൂട്ടിച്ചേർക്കുന്നു.

* ഓരോ കാര്യവും അപ്പപ്പോൾ ബോർഡിൽ ടീച്ചർ ക്രോഡീകരിച്ചെഴുതുന്നു [ഗദ്യരൂപത്തിൽ].

- ക്രോഡീകരിച്ച കാര്യങ്ങൾ നോട്ടുബുക്കിലേക്ക്.

* പടയുടെ നഷ്ടം പുതിയ കാലത്ത്.

കവിതയിൽ കണ്ടത് എന്നോ പണ്ടത്തെ ഒരു കഥയിലുണ്ടായ പടയുടെ നഷ്ടമാണ്. ഈക്കാലത്താണ് യുദ്ധം ഉണ്ടാവുന്നതെങ്കിലോ? നമുക്ക് എന്തെല്ലാം നഷ്ടപ്പെടാനിടയുണ്ട്?

- ചർച്ച, ക്രോഡീകരണം.

[പുസ്തകങ്ങൾ, ചെരിപ്പ്, കളിപ്പാട്ടങ്ങൾ, ഉടുപ്പ്, തൊപ്പി, ബാഗ്, കുട, പേന, പെൻസിൽ, വാട്ടർ ബോട്ടിൽ.]

* ടീച്ചർ ടെക്സ്റ്റ് പേജ് 68-ലെ കവിത ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു.

- ടീച്ചർ ചൊല്ലുന്നു. കുട്ടികൾ ഏറ്റുചൊല്ലുന്നു.

* കവിതയിൽ കൂടുതൽ വരികൾ കൂട്ടിച്ചേർക്കാൻ അവസരം നൽകുന്നു. [തുള്ളൽപ്പാട്ടിന്റെ രീതിയിൽ]

ഉദാ: കുഞ്ഞിപ്പെണ്ണിന് കുടയും പോയി
കുഞ്ഞാവയ്ക്കന്ന് ബാഗും പോയി

- വരികളുടെ അവതരണം - എഡിറ്റിംഗ്
- കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കുമ്പോൾ താളം, പദസ്വാധീനം എന്നിവ വിലയിരുത്തുന്നു.
- കുട്ടികൾ നിർമ്മിക്കുന്ന വരികൾ താളത്തിലാക്കാൻ ടീച്ചർ ഇടപെടുന്നു.
- നേരത്തെയുള്ള വരികൾക്കൊപ്പം, കുട്ടികൾ കൂട്ടിച്ചേർത്ത വരികളും, എഡിറ്റ് ചെയ്ത് ബോർഡിലെഴുതുന്നു.
- ടീച്ചറും കുട്ടികളും സംഘമായി താളമിട്ട് അവതരിപ്പിക്കുന്നു. [പ്രാദേശികമായി ശേഖരിച്ച താളവാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നു.]
- താളം, ഉച്ചാരണം, സംഘമായി ചൊല്ലൽ എന്നിവ വിലയിരുത്തുന്നു.
- രൂപപ്പെടുത്തിയ കവിത എല്ലാവരുടെയും നോട്ടുബുക്കിലേക്ക്.

Sign of HM: | Sign of Tr:

PENCIL GROUP.....
[A Totally acadamic group for std 3]
Join number : 9895 10 5085